പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1822

11/02/2013-ൽ മറുപടിക്ക്

'ആശ്രയ' രണ്ടാംഘട്ടപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ. എം. കെ. മുനീർ<br><br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) 'ആശ്രയ' രണ്ടാംഘട്ടപദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടാത്ത അർഹതയുള്ള അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ''ആശ്രയ'' രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കൽ, ഇവരുടെ അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് എന്നിവ ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) ഒന്നാംഘട്ടപദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) ഒന്നാംഘട്ട പദ്ധതിയിൽ നിന്നും വ്യത്യസ്തമായി വരുത്തിയ പരിഷ്ക്കാരങ്ങൾ താഴെപ്പറയുന്നവയാണ്:-<br>1. പ്രാഥമിക/കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളിൽ എത്തി മരുന്ന് വാങ്ങുന്നതിന് നിവൃത്തിയില്ലാത്ത അവശരായ രോഗികൾക്ക് പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ |

2. ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മരുന്ന് വീട്ടിൽ ലഭ്യമാക്കൽ.
3. ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും, ആശുപത്രിയിലോ വീട്ടിലോ കിടത്തി ചികിത്സ ആവശ്യമുള്ളവർക്കും, പരിചരണ സാമഗ്രികളായ കട്ടിൽ, വാട്ടർബെഡ്, വീൽചെയർ, ട്രിപ്സ്റ്റാന്റ്, കമ്മോഡ്, കത്തീറ്റർ, ഡ്രസ്സിംഗ് ഉപകരണങ്ങൾ തുടങ്ങിയവ മരുന്നിനു പുറമേ ലഭ്യമാക്കൽ.
4. പോഷകാഹാരകിറ്റിനായി വകയിരുത്തിയിട്ടുള്ള തുക ഒരംഗത്തിന് 200 രൂപയായും, രണ്ട് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 300 രൂപയായും, മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 400 രൂപയായും വർദ്ധിപ്പിച്ച് നൽകൽ.
5. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിയ്ക്ക് പുറമേ ബാങ്ക് വായ്പയ്ക്ക് തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാനമിഷനിൽ നിന്നും അനുവദിക്കൽ.
6. ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന തുക പ്രോജക്ട് തുകയുടെ 40% ന് വിധേയമായി 15 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കൽ.
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തുടർസഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അതിജീവനാവശ്യങ്ങൾക്ക് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകൽ.
8. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായതിനു ശേഷവും ഗുണഭോക്താവിന്റെ ശാരീരിക അവശത കണക്കിലെടുത്ത് തുടർസഹായം ആവശ്യമുള്ളവർക്ക് സഹായം ലഭ്യമാക്കൽ.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭനടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പുതിയ ഗുണഭോക്താക്കളെ സർവ്വേ നടത്തി ഉൾപ്പെടുത്തുന്നതിന് എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ മാർക്കും, നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും കുടുംബശ്രീ സംസ്ഥാന ഓഫീസിൽ നിന്നും നേരിട്ടുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സി.ഡി.എസ്സ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി തുടങ്ങിയവർക്ക് പദ്ധതി രൂപീകരണത്തിന്റെയും, നടപ്പാക്കലും സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ആശ്രയ പദ്ധതി രൂപീകരണം സംബന്ധിച്ച് പരിശീലനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ ഇവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിന് രണ്ട് റിസോർസ് പേഴ്സൺമാരെ വീതം നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ